# എങ്ങനെ ഉറങ്ങും? ശുഭാംശു പറഞ്ഞു, 'സ്വയം കെട്ടിയിട്ട്'

**തിരുവനന്തപുരം** ▸ "ഗുരുത്വാകർഷണബലമില്ലാത്ത ബഹിരാകാശത്ത് എങ്ങനെയാവും ഉറങ്ങാൻ കഴിയുക?" ആലപ്പുഴ തിരുവമ്പാടി എച്ച്എസ്എസിലെ പത്താം ക്ലാസ് വിദ്യാർഥിനി എസ്. നിധിയുടെ ചോദ്യം ഭൂമിയിൽനിന്ന് 400 കിലോമീറ്റർ സഞ്ചരിച്ച് ബഹിരാകാശനിലയത്തിലെത്തി. മണിക്കൂറിൽ 28000 കിലോമീറ്റർവേഗത്തിൽ സഞ്ചരിക്കുന്ന നിലയത്തിലിരുന്ന് ശുഭാംശു ശുക്ല മറുപടി പറഞ്ഞു: "പ്രത്യേകം തയ്യാറാക്കിയ കിടക്കയിലെ കൊളുത്തിൽ നാട ഉപയോഗിച്ച് സ്വയം കെട്ടിയിട്ടിട്ടാണ് ഉറക്കം".



അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലുള്ള ശുഭാംശു ശുക്ലയുമായി തിരുവനന്തപുരം വിഎസ്എസ്സിയിൽ നടന്ന സംവാദത്തിനുശേഷം മടങ്ങുന്ന വിദ്യാർഥികൾ

തിരുവനന്തപുരം വിഎസ്എസ്സി സംഘടിപ്പിച്ച പരിപാടിയിലാണ് 150 കുട്ടികൾ തൽസമയം ശുഭാംശുവുമായി സംവദിച്ചത്. തിരഞ്ഞെടുത്ത വിദ്യാർഥികൾക്ക് വ്യാഴാഴ്ച 2.30 മുതൽ പത്തുമിനിറ്റു സമയമാണ് കിട്ടിയത്. കേരളത്തിൽനിന്നുള്ള കുട്ടികൾക്കുപുറമേ ശുഭാംശു പഠിച്ച ലഖ്നൗ സ്കൂളിലെ കുട്ടികളും പങ്കെടുത്തു.

വിദ്യാർഥികൾ തയ്യാറാക്കിയ ചോദ്യങ്ങൾ വിഎസ്എസ്സി ശാസ്ത്രജ്ഞനായ വി.ടി. റോബിനാണ് ഹാംറേഡിയോയും വീഡിയോവാളും ചേർന്ന സംവിധാനത്തിലൂടെ ശുഭാംശുവിനോട് ചോദിച്ചത്.

ആറ്റിങ്ങൽ ഗവ. മോഡൽ വിആൻഡ് എച്ച്എസ്എസിലെ ഋഷിദേവ് കേരളത്തിൽനിന്നു കൊണ്ടുപോയ നെൽവിത്തുകളെക്കുറിച്ച് ചോദ്യം നൽകിയിരുന്നെങ്കിലും സമയപരിമിതി കാരണം ഉത്തരം ലഭിച്ചില്ല.

***ചോദ്യം: ചെന്നിറങ്ങിയപ്പോഴുണ്ടായ മാനസികസമ്മർദങ്ങൾ എന്തൊക്കെയായിരുന്നു?***

▸പരിശീലനം ലഭിച്ചിരുന്നെങ്കിലും ബഹിരാകാശനിലയത്തിലെത്തിയ ആദ്യ 15 മിനിറ്റ് ഞങ്ങൾ നിശബ്ദരായിപ്പോയി. പതിയെ പൊരുത്തപ്പെട്ടു. ഒറ്റപ്പെടലാണ് വെല്ലുവിളി. കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും അസാന്നിധ്യം അനുഭവിക്കുന്നുണ്ട്.

***ചോദ്യം: ശാരീരിക ബുദ്ധിമുട്ടുകൾ എങ്ങനെ തരണംചെയ്യും?***

▸സീറോ ഗ്രാവിറ്റിയായതിനാൽ എല്ലുകൾക്കും പേശികൾക്കും അപകടമാണ്. പ്രത്യേക വ്യായാമങ്ങൾ ചെയ്യാറുണ്ട്. ബാൻഡ് ഉപയോഗിച്ചുള്ള വ്യായാമം, സൈക്ലിങ്, സ്ട്രച്ചിങ് തുടങ്ങിയവ ഇടയ്ക്കിടെ ചെയ്തുകൊണ്ടിരിക്കും.

***ഒഴിവുസമയങ്ങളിൽ എന്തുചെയ്യും?***

▸ഒഴിവുസമയം കുറവാണ്. എന്നാലും ഞങ്ങളിവിടെ ചെറിയ പന്തുപയോഗിച്ച് കളിക്കാറുണ്ട്. ഇടയ്ക്ക് ഞാൻ യോഗചെയ്യും. പിന്നെ വ്യൂപോയിന്റിലൂടെ ഭൂമിയെ നോക്കും. അത് വല്ലാതെ വിസ്മയിപ്പിക്കുന്ന ദൃശ്യമാണ്.

***അസുഖംവന്നാൽ എന്തുചെയ്യും?***

മരുന്നുകളൊക്കെ കരുതിയിട്ടുണ്ട്. പ്രാഥമികചികിത്സയ്ക്കുള്ള പരിശീലനം കിട്ടിയിട്ടുണ്ട്. വരുന്ന വഴിക്ക് ഹൃദയാഘാതം ഉൾപ്പെടെ എന്തെങ്കിലും സംഭവിച്ചാൽ പേടകം തിരികെയിറക്കുമായിരുന്നു.

***ലോഞ്ചിങ് എങ്ങനെയായിരുന്നു?***

▸അത്യുഗ്രൻ അനുഭവമായിരുന്നു. തിരികെ ഭൂമിയിൽ വന്നിറങ്ങുമ്പോൾ പൊരുത്തപ്പെടാൻ അല്പം സമയമെടുക്കും.


भारत सरकार
GOVT. OF INDIA
World Space Week




भारत सरकार
GOVT. OF INDIA
T1
इसरो isro
World Space Week
October 4 - 10